10/7/14
SAA(YC)

NO. CA 571/2014

Office of the Executive Engineer (Agri.),
Regional Office, Puthiyara P.O.,
Kozhikode – 04.

Date: 07.07.2014.
Phone: 0495 – 2725354.
E-mail: eeagrikde@gmail.com

From
The Executive Engineer (Agri.),
Kozhikode.

To
Director of Agriculture
Vikas Bhavan,
Thiruvananthapuram.

Sir,
Sub : Tender Notification – Inviting tenders – Publishing in the Official Website – Reg.
Ref : Tender notice No. CA 571/2014 Dated: 05.07.2014.

.....................

I am submitting herewith the tender notice in duplicate for publishing in the official website for getting wide publicity. I request that the same may please be done at the earliest.

Yours faithfully,

Executive Engineer (Agri.)
Kozhikode

Encl: - Tender notice (2 copies).

To
IT Section
p/s publish the tender notice in the website
10/7/14

STATE AGRICULTURAL ENGINEER (YC)
Directorate of Agriculture

Jp0707.4

സി.എ.571/2014

# കേരള സർക്കാർ
# കൃഷി വകുപ്പ്

## ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി ഉത്തര മേഖല **കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട്** താഴെ പറയുന്ന പ്രവർത്തിക്ക് നിശ്ചിത യോഗ്യതയുള്ള പരിചയസമ്പന്നരായ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവർത്തിയുടെ പേരെഴുതി മുദ്രവെച്ച കവറുകളിൽ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസ്സുകൾ **31.07.2014** ന് ഉച്ചയ്ക്ക് **2** മണി വരെ രജിസ്റ്റേർഡ് തപാൽ മുഖാന്തിരം മാത്രം സ്വീകരിക്കുന്നതും, അന്നേ ദിവസം **3.00** മണിയ്ക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപ്പോൾ സന്നിഹിതരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്. ഏതെങ്കിലും കാരണവശാൽ ടി ദിവസം പൊതു അവധിയായി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവർത്തി ദിവസം മുകളിൽ പറഞ്ഞ വ്യവസ്ഥയിലും സമയത്തും ദർഘാസുകൾ സ്വീകരിക്കുന്നതും തുറക്കുന്നതുമായിരിക്കും. പ്രവർത്തിയെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം രൂ. | ദർഘാസ് പ്രമാണത്തിന്റെ വില | നിർമ്മാണം പൂർത്തിയാക്കേണ്ട കാലാവധി |
|---|---|---|---|---|
| സി.എ 571/2014 | 2014 ആഗസ്റ്റ് 16 മുതൽ 19 വരെ കോഴിക്കോട് മറൈൻ ഗ്രൗണ്ടിൽ നടക്കുന്ന സംസ്ഥാനതല കർഷക ദിനാചരണത്തോടനുബന്ധിച്ച സ്റ്റേജ്, പന്തൽ എന്നിവയുടെ നിർമ്മാണവും ലൈറ്റ്, സൗണ്ട് തുടങ്ങിയ അനുബന്ധ സൗകര്യ മൊരുക്കലും, ആഗസ്റ്റ് 20, 21 തീയതികളിൽ പൊളിച്ചുമാറ്റി നീക്കം ചെയ്യലും.<br>**Rs. 24,90,000/-** | 50,000/- | 3800/-രൂപ + വാറ്റ് | 2014 ആഗസ്റ്റ് 12 മുതൽ 3 ദിവസം |

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന്റെ കാര്യാലയത്തിൽ നിന്നും **29.07.2014** ഉച്ചയ്ക്ക് ഒരു മണി വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ദർഘാസ് പ്രമാണത്തിന്റെ വില രൊക്കം പണമായടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. അംഗീകൃത ബാങ്കിൽ നിന്നും കോഴിക്കോട് കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിനോടൊപ്പം **100/-** രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്. ദർഘാസുകളെ സംബന്ധിക്കുന്ന എല്ലാ സർക്കാർ നിബന്ധനകളും നിയമങ്ങളും ഈ ദർഘാസിനും ബാധകമായിരിക്കും. 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ 10 കോടിയിലധികം രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്ത് വിജയകരമായി നടത്തിയവർക്കും സംസ്ഥാന തലത്തിലും ദേശീയ തലത്തിലുമുള്ള പരിപാടികൾക്ക് പന്തലൊരുക്കിയവർക്കും ടെൻഡറിൽ മുൻഗണനയുണ്ടായിരിക്കുന്നതാണ്. യോഗ്യത തെളിയിക്കുന്ന രേഖകൾ ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. ക്വാട്ട് ചെയ്യുന്ന നിരക്കുകൾ രേഖപ്പെടുത്തിയ ടെൻഡർ ഷെഡ്യൂൾ പ്രത്യേകം കവറിലിട്ട് സീൽ ചെയ്ത്, യോഗ്യതകൾ തെളിയിക്കുന്ന രേഖകളും മറ്റ് അനുബന്ധങ്ങളുമടക്കം മറ്റൊരു സീൽ ചെയ്ത കവറിലാണ് ടെൻഡറുകൾ സമർപ്പിക്കേണ്ടത്.

**കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**(കേരള ഗവർണ്ണർക്കു വേണ്ടി)**

**കൃഷി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,**
**റീജിനൽ ഓഫിസ്, പുതിയറ. പി.ഒ.,**
**കോഴിക്കോട്-4. തീയതി: 07.07.2014.**

**ഫോൺ : 04952725354**

jp0507.4